(ബി) അഞ്ചു്.

(സി) സാധാരണയായി ഉദ്യോഗത്തിന്റെ ചുമതലയും അന്തസ്സും.

(ഡി) സർവ്വീസ് ചട്ടങ്ങൾ നിഷ്കർഷിച്ചകാലം മുതൽ.

(ഇ) വിവരങ്ങളടങ്ങിയ ഒരു † പട്ടിക മേശപ്പുറത്തു വച്ചിരിക്കുന്നു.

നെടുവങ്കാവു പാലം.

374. [14] ശ്രീ. ബി. ബി. പണ്ടാരത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയൂർ–കേരളപുരം റോഡിൽ ശാസ്താംകടവിൽ ഒരു പാലം പണിയണമെന്നു കാണിച്ചു് ഒരു മെമ്മോറാണ്ടം കിട്ടിയിട്ടുണ്ടോ;

(ബി) അതിനെക്കുറിച്ചു് എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്രത്തോളമായി?

ഉത്തരം.

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) 1955–56 സാമ്പത്തികവർഷത്തിൽ ഇതിന്റെ ജോലി ആരംഭിക്കുന്നതിനു നടപടികൾ എടുത്തുവരികയാണു്.

വെള്ളപ്പൊക്കനിവാരണ നടപടികൾ.

375. [16] ശ്രീ. പി. ആർ. മാധവൻ പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറുതീരത്തുള്ള നിലങ്ങളിലെയും കരഭൂമികളിലെയും കൃഷി, വെള്ളപ്പൊക്കംമൂലം ആണ്ടുതോറും നഷ്ടപ്പെടുന്നതിനെ തടയാൻ ഗവണ്മെൻറിനു വല്ല പദ്ധതിയുമുണ്ടോ;

(ബി) കല്ലടയാറിന്റെ വടക്കും തെക്കും കരകളിൽ ഉയന്ന ബണ്ടുകളിട്ടു് ഉറപ്പിച്ചാൽ രണ്ടു കരയോടും തൊട്ടുകിടക്കുന്ന അനേകായിരം ഏക്കർ ഒരുപ്പുനിലം ഇരുപ്പുവാക്കാമെന്നും നിലങ്ങളിലെ തോട്ടകളിൽക്കൂടി ഒഴുകിവരുന്ന വെള്ളം എലക്ട്രിക്കു് പമ്പുപയോഗിച്ചു് വറ്റിച്ചാൽ മതിയെന്നും അതിനുള്ള നടപടികൾ എടുക്കണമെന്നും കാണിച്ചു് കടമ്പനാട്ടു പഞ്ചായത്തു ഒരു പ്രമേയം പാസ്സാക്കി ഗവണ്മെൻറിലേക്കയച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനെപ്പറ്റി നടപടി നടത്തിയിട്ടുണ്ടോ?

ഉത്തരം.

(എ) വെള്ളപ്പൊക്കംകൊണ്ടുള്ള കൃഷിനഷ്ടത്തെ തടയുന്നതിനു് പ്രത്യേക പദ്ധതിയൊന്നുമില്ല. ചില വെള്ളപ്പൊക്കനിവാരണപദ്ധതികൾ രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടു്.

(ബി) പ്രമേയം ഗവണ്മെൻറിനു ലഭിച്ചിട്ടില്ല.

† Please see Appendix XVIII.

LIBRARY ARCHIVES Kerala Legislative Assembly